# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
നവംബർ–02, 2017 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ജി.എസ്. ടി –അനധികൃത നികുതി പിരിവിനെതിരെ നടപടി

തിരുവനന്തപുരം: സംസ്ഥാനത്ത് അനധികൃത നികുതി പിരിവ് നടത്തുന്നവർക്കെതിരെ ശക്ത്മായ നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

ജി.എസ്.ടി നിലവിൽ വന്നതിന് ശേഷവും വാറ്റ് നിരക്കിൽ നികുതി പിരിക്കുന്നതും, ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപരികളുടെ നികുതി പിരിവും, ജി.എസ്.റ്റി നമ്പർ രേഖപ്പെടുത്താത്ത ഇൻവോയ്സുകൾ ഉപയോഗിച്ചുള്ള നികുതി പിരിവും അടക്കമുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി. നടപടിയുടെ ഭാഗമായി വരും ദിവസങ്ങളിൽ പരിശോധന നടത്തും.

അനധികൃത നികുതി പിരിവ് ശ്രദ്ധയിൽപ്പെട്ടാൽ ചരക്ക് സേവന നികുതി വകുപ്പിന്റെ ''പോസ്റ്റ് ബിൽസ് ഹിയർ'' എന്ന ഫെയ്സ്ബുക്ക് പേജിൽ ഇൻവോയ്സ് അപ്ലോഡ് ചെയ്ത് അനധികൃത നികുതി പിരിവ് പൊതുജനങ്ങൾക്കും വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരാം.